ആത്മനാദം

VOICE FROM THE SOUL

MANNA — Mar Aprem Neoteric News Agency

MANNA PUBLICATIONS | AN OFFICIAL PUBLICATION OF MAR APREM YOUTH MOVEMENT | VOL. 64 | FEBRUARY 2025

മാർ അപ്രേം അവാർഡ് നിത്യാ മാമ്മന്

തോട്ടയ്ക്കാട് : പൗരസ്ത്യ സുറിയാനി സഭാ പിതാക്കന്മാരിൽ പണ്ഡിതശ്രേഷ്ഠൻ, കവി, ഗായകൻ എന്നിങ്ങനെ വിവിധ നിലകളിൽ പ്രശോഭിച്ചിരുന്ന, ആഗോള ക്രൈസ്തവ സഭയുടെ ശ്രേഷ്ഠമൽപ്പാൻ മാർ അപ്രേമിന്റെ നാമത്തിൽ തോട്ടയ്ക്കാട് മാർ അപ്രേം ഇടവക കലാ, സാഹിത്യ, സാംസ്കാരിക രംഗങ്ങളിലെ അതുല്യ പ്രതിഭകളെ ആദരിക്കുന്നതിനായി ഏർപ്പെടുത്തിയിരിക്കുന്ന മാർ അപ്രേം അവാർഡിന് ചലച്ചിത്ര പിന്നണി ഗായിക നിത്യാ മാമ്മൻ അർഹയായി. വളരെ ചുരുങ്ങിയ കാലയളവിനുള്ളിൽതന്നെ മലയാള ചലച്ചിത്ര പിന്നണി ഗാനരംഗത്തും ക്രൈസ്തവ ഗാനശാഖയിലെയും വേറിട്ട ശബ്ദമായി മാറിക്കഴിഞ്ഞ നിത്യാ മാമ്മൻ, മികച്ച ഗായികയ്ക്കുള്ള സംസ്ഥാന ചലച്ചിത്ര അവാർഡിനും അർഹയായിട്ടുണ്ട്. 2025 മാർച്ച് 7-ാം തീയതി മാർ അപ്രേം പെരുന്നാളിനോടനുബന്ധിച്ച് നടത്തപ്പെടുന്ന പൊതുസമ്മേളനത്തിൽവെച്ച് അവാർഡ് സമർപ്പിക്കുന്നതാണ്.

മാർ അപ്രേം പെരുന്നാൾ 2025

2025 മാർച്ച് 2 മുതൽ 9 വരെ

● പൊതുസമ്മേളനം ● മാർ അപ്രേം അവാർഡ് സമർപ്പണം
● ആദരവ് സമർപ്പണം ● വി. കുർബ്ബാന ● പ്രദക്ഷിണം
● വിദ്യാരംഭം ● വെച്ചൂട്ട് ● ആദ്യ ചോറൂണ്

ക്രിസ്തീയ ഗാനസന്ധ്യ

ജിജൻ ജെ.
കൊച്ചിൻ കലാഭവൻ

ജെറിൽ ഷാജി
സ്റ്റാർ സിംഗർ ഫെയിം

മിഖിൽ കുര്യൻ
കീബോർഡിസ്റ്റ്

വന്ദ്യ യൂഹാനോൻ റമ്പാൻ കോർ എപ്പിസ്കോപ്പായ്ക്ക് മാർ അപ്രേം ഇടവകയുടെ ആദരവ്



തോട്ടയ്ക്കാട് : മരുഭൂമിയിൽ ഏകാന്തവാസിയായിരുന്നപ്പോഴും അജഗണങ്ങളുടെ ആകുലതകളിൽ അവരെ തേടിയെത്തി അവരുടെ ക്ഷേമത്തിനായി അത്യദ്ധ്വാനം ചെയ്ത 'സഭയുടെ തൂൺ' എന്ന വിശേഷണത്തിനർഹനായ മാർ അപ്രേമിന്റെ ഓർമ്മ പെരുന്നാളിനോടനുബന്ധിച്ച് സാമൂഹിക സേവനരംഗത്തെ നിസ്തുല വ്യക്തിത്വങ്ങൾക്ക് തോട്ടയ്ക്കാട് മാർ അപ്രേം ഇടവക നൽകുന്ന ആദരവ് ഈ വർഷം വന്ദ്യ യൂഹാനോൻ റമ്പാൻ കോർ എപ്പിസ്കോപ്പ ഏറ്റുവാങ്ങുന്നതാണ്. സഭയുടെ വിവിധ സേവനരംഗങ്ങളിൽ, പ്രത്യേകിച്ച് അട്ടപ്പാടി മിഷ്യൻ ഡയറക്ടർ എന്ന നിലയിൽ ആദിവാസികളുടെ ഉന്നമനത്തിനായി നൽകുന്ന സേവനങ്ങളെ മാനിച്ചാണ് ഈ ആദരവ്. 2025 മാർച്ച് 7-ാം തീയതി മാർ അപ്രേം പെരുന്നാളിനോടനുബന്ധിച്ച് നടത്തപ്പെടുന്ന പൊതുസമ്മേളനത്തിൽവെച്ച് ആദരവ് സമർപ്പിക്കുന്നതാണ്.

വിദ്യാരംഭം മാർച്ച് 8ന്

ദൈവികസംഗീതം മണ്ണിന് പകർന്ന് നൽകുന്നതിനായി സ്വർഗ്ഗീയ മാലാഖമാരാൽ തെരഞ്ഞെടുക്കപ്പെട്ട മാർ അപ്രേമിന്റെ ഓർമ്മ പെരുന്നാൾ ദിനമായ മാർച്ച് 8-ന് വി. കുർബാനാനന്തരം തോട്ടയ്ക്കാട് മാർ അപ്രേം പള്ളിയിൽവെച്ച് അഭി. ഏബ്രഹാം മാർ സ്തേഫാനോസ് മെത്രാപ്പോലിത്താ തിരുമനസ്സ്കൊണ്ട് കുട്ടികൾക്ക് ആദ്യാക്ഷരം കുറിക്കുന്നു. വിശദവിവരങ്ങൾക്കും രജിസ്ട്രേഷനും : 9475450808, 9847968090.

ദൈവാലയ നവീകരണ ശിലാസ്ഥാപനം

2025 മാർച്ച് 2–ന്

തോട്ടയ്ക്കാട് : പരിയാരം മാർ അപ്രേം ഓർത്തഡോക്സ് ദൈവാലയത്തിന്റെ നവീകരണ ശിലാസ്ഥാപന കർമ്മം 2025 മാർച്ച് രണ്ടാം തീയതി വി. കുർബാനാനന്തരം ഇടവക മെത്രാപ്പോലീത്താ അഭി. ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് തിരുമനസ്സിന്റെ തൃക്കരങ്ങളാൽ നിർവ്വഹിക്കപ്പെടുമ്പോൾ ഇടവകയുടെ ചിരകാലാഭിലാഷത്തിന്റെ പൂർത്തീകരണത്തിന് ആദ്യപടി വെയ്ക്കപ്പെടുകയാണ്.

ആഗോള ക്രൈസ്തവ സഭകളുടെ ശ്രേഷ്ഠ മൽപ്പാൻ പരിശുദ്ധ റൂഹായുടെ കിന്നരം മാർ അപ്രേമിന്റെ നാമത്തിൽ സ്ഥാപിതമായ ഭാരതത്തിലെ പ്രഥമ ദൈവാലയം എന്ന ഖ്യാതിക്ക് തക്കവണ്ണം മനോഹരമായ ദൈവാലയം പ്രതിഷ്ഠിക്കപ്പെടുവാൻ ഇടവക പ്രാർത്ഥനാപൂർവം തുടക്കമിടുന്നു.

പഴമയുടെ പ്രൗഢി നിലനിർത്തിക്കൊണ്ടുതന്നെ പഴയ ദൈവാലയ മുഖവാരത്തിന് മാറ്റങ്ങൾ വരുത്താതെ ദൈവാലയത്തിനുള്ളിലെ സൗകര്യങ്ങൾ അല്പംകൂടി വർദ്ധിപ്പിക്കുന്നതിന് ശ്രമിച്ചുകൊണ്ട് ഇരുവശത്തേയ്ക്കും വിസ്തൃതി വർദ്ധിപ്പിക്കുന്ന രീതിയിലാണ് പുതിയ ദൈവാലയ മന്ദിരത്തിന്റെ രൂപകല്പന. നിലവിലെ

രൂപകല്പന പ്രകാരം ദൈവാലയ നിർമ്മാണം പൂർത്തീകരിക്കപ്പെടുമ്പോൾ അഞ്ച് മദ്ബഹകളുമായി ആരാധനാ സൗകര്യമൊരുക്കുന്ന രീതിയാണ് പദ്ധതിയിട്ടിരിക്കുന്നത്. ഇപ്രകാരം അഞ്ച് മദ്ബഹകൾ ഉള്ള ദൈവാലയം കോട്ടയം ഭദ്രാസനത്തിൽ വേറെയില്ല എന്ന് തീർത്തു പറയാം. മലങ്കരയിൽതന്നെ അപ്രകാരമുള്ള ദൈവാലയം ഉണ്ടെങ്കിൽതന്നെ അത്തരം അപൂർവ്വ ദൈവാലയഗണത്തിലേക്ക് നമ്മുടെ ദൈവാലയംകൂടി കൂട്ടിച്ചേർക്കപ്പെടും.

ദൈവാലയ നിർമ്മാണം പൂർത്തിയാകുന്ന കൂടെത്തന്നെ ദൈവാലയ പരിസരത്തിന്റെ ലാൻഡ് സ്കേപ്പിംഗ്, പുതിയ കൊടിമരം തുടങ്ങിയ മറ്റ് പണികൾകൂടി പൂർത്തിയാക്കേണ്ടതുണ്ട്. എല്ലാംകൂടി ഏകദേശം രണ്ടരക്കോടി രൂപാ ചെലവ് പ്രതീക്ഷിക്കുന്നു. ഇടവകയിലെ മുഴുവൻ ജനങ്ങൾ ഒന്നുചേർന്ന ഇടവക യോഗത്തിൽ ഉരുത്തിരിഞ്ഞ ദൈവാലയ നവീകരണം എന്ന ആശയത്തെ പിന്നീട് ചേർന്ന പൊതുയോഗം അംഗീകരിക്കുകയും തുടർന്ന് പുതിയ രൂപകല്പനകളും മറ്റും പൊതുയോഗങ്ങൾ അംഗീകാരം നൽകുകയാണുണ്ടായത്. ഇത്തരത്തിൽ ഇടവക ഏകമനസ്സോടെ ഈ ലക്ഷ്യത്തിലേക്ക് കടന്നുവന്നിരിക്കുന്നതിനാൽ ഇടവകാംഗങ്ങളുടെ നിർലോഭമായ സഹകരണത്തിലൂടെ ഈ തുക കണ്ടെത്താൻ സാധിക്കും എന്ന് നമുക്ക് പ്രത്യാശിക്കാം.

ശേഷം 4-ാം പേജിൽ

എഡിറ്റോറിയൽ

ഒരു വലിയ യാത്രയുടെ തുടക്കത്തിലാണ് നമ്മൾ. നോമ്പ് എന്ന തീർത്ഥാടനം ആരംഭിക്കുന്നു. വെടിപ്പോടും ചിട്ടയോടുംകൂടി നോമ്പ് അനുഷ്ഠിച്ച് ക്രിസ്തുവിന്റെ ഉയിർപ്പ് പെരുന്നാളിലേയ്ക്ക് ഒരുങ്ങുന്നതിന് ഏവർക്കും കൃപ ലഭിക്കട്ടെ എന്ന് ആദ്യമേ പ്രാർത്ഥിക്കുന്നു.

ഒപ്പം, ഒരു വലിയ ദൗത്യത്തിനും നാം തുടക്കമിടുന്നു. ദൈവാലയ നവീകരണം എന്ന ഈ തലമുറയിൽ നിക്ഷിപ്തമായ ഒരു കർത്തവ്യത്തിനും തുടക്കമാകുന്നു. ദൈവാലയം മനോഹരമാക്കുന്നതിൽ ഏറ്റവും വ്യാകുലനാകുന്നത് സാത്താനാണ്. അവൻ അന്തഃഛിദ്രങ്ങൾ വരുത്തുവാൻ എപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കും. അത്തരം ഉപജാപങ്ങളിൽ വീണുപോകാതെ ദൈവത്തിന്റെ ആലയത്തിന്റെ കെട്ടുപണിക്കായി ഒരുമനസ്സോടെ ഒരുങ്ങുന്നതിന് ഏവർക്കും സാധിക്കട്ടെ എന്നും പ്രാർത്ഥിക്കുന്നു.

ഇടവകയുടെ കാവൽ പിതാവിന്റെ ഓർമ്മ പെരുന്നാളിന്റെ വേളയാണല്ലോ ഇത്. ആ പരിശുദ്ധ മദ്ധ്യസ്ഥതയുടെ അനുഗ്രഹം പ്രാപിക്കുന്നവരായ നമുക്ക് പരിശുദ്ധ പിതാവിന്റെ ഓർമ്മ പെരുന്നാൾ സമുചിതം ആചരിച്ച് അനുഗ്രഹം പ്രാപിക്കുവാൻ സാധിക്കട്ടെ.

ഒരു പ്രവർത്തനവർഷംകൂടി പൂർത്തിയാകുന്നു. മാർ അപ്രേം യുവജന പ്രസ്ഥാനത്തിന്റെയും ആത്മനാദത്തിന്റെയും പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ കാലയളവിൽ നല്കിയ അകമഴിഞ്ഞ പിന്തുണയും പ്രോത്സാഹനവും നന്ദിയോടെ സ്മരിക്കുന്നു. തുടർന്നും ഏവരുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്,

സ്നേഹപൂർവ്വം
ചീഫ് എഡിറ്റർ

എഡിറ്റോറിയൽ ബോർഡ്

രക്ഷാധികാരി
റവ. ഫാ. ഇട്ടി തോമസ് കാട്ടാമ്പാക്കൽ

എഡിറ്റോറിയൽ ഡയറക്ടർ
റവ. ഫാ. മാത്യു വർഗ്ഗീസ് പീടികപ്പറമ്പിൽ

ചീഫ് എഡിറ്റർ
ബോബി വർഗീസ്, കാലായിൽ

സബ് എഡിറ്റേഴ്സ്
നിഥിൻ ചാക്കോ മാത്യു, പടിഞ്ഞാറേപ്പറമ്പിൽ
സിബിൻ കുര്യാക്കോസ് മാത്യു, കണ്ണൊഴുക്കത്ത്
മെൽവിൻ മാത്യു, മറ്റത്തിൽകരോട്ട്
അമല കെ. കുര്യൻ, കാലായിൽ
ഫെബ മറിയം മനോജ്, മുല്ലശ്ശേരിൽ

ദൈവത്തിന്റെ ഭവനമായ ദേവാലയം

ഫാ. ഇട്ടി തോമസ് കാട്ടാമ്പാക്കൽ *(വികാരി)*

ദൈവവചനത്തിൽ ദേവാലയത്തെ യഹോവയുടെ ഭവനം എന്നാണ് വിളിച്ചിരുന്നത്. ദൈവം വസിക്കുന്ന ഇടമാണ് നമ്മുടെ ദേവാലയം. ഈ വർഷത്തെ അപ്രേം പെരുന്നാൾ നാം ആചരിക്കുമ്പോൾ ദേവാലയത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമുള്ള സമയമാണ്. കാരണം വളരെ കാലത്തെ ഇടവകയുടെ വലിയ ആഗ്രഹം അത് നിറവേറ്റപ്പെടുവാൻ തക്കവണ്ണം ദേവാലയ നവീകരണം നടത്തുവാൻ ഇടവകജനത ആഗ്രഹിക്കുകയും അതിന്റെ ശിലാസ്ഥാപന കർമ്മം അഭിവന്ദ്യ ഇടവക മെത്രാപ്പൊലീത്തയുടെ കൈകളാൽ നിറവേറ്റപ്പെടുകയും ചെയ്യുകയാണ്.

ക്രിസ്തുവിന്റെ സാന്നിധ്യം നിറഞ്ഞു നിൽക്കുന്ന സ്ഥലമാണ് ദേവാലയം. "അതിരാവിലെ അവൻ വീണ്ടും ദേവാലയത്തിലേക്ക് വന്നു. ജനങ്ങളെല്ലാം അവന്റെ അടുക്കലെത്തി. അവൻ ഇരുന്ന് അവരെ പഠിപ്പിച്ചു" (യോഹ 8:2).

ക്രൈസ്തവ ദേവാലയങ്ങൾ കേവലം സമ്മേളന സ്ഥലങ്ങളല്ല, പിന്നെയോ ക്രിസ്തുവിൽ അനുരഞ്ജനപ്പെടുകയും ഐക്യപ്പെടുകയും ചെയ്ത മനുഷ്യരോടൊപ്പമുള്ള ദൈവത്തിന്റെ വാസസ്ഥാനമാണ്. വിശുദ്ധ കുർബ്ബാന ആഘോഷിക്കുകയും വിശ്വാസികൾ സമ്മേളിക്കുകയും ചെയ്യുന്ന പ്രാർത്ഥനാ സ്ഥാനമാണ് ദേവാലയം. യാഗപീഠത്തിൽ നമുക്കായി വിശ്വാസികളുടെ സഹായത്തിനും ആശ്വാസത്തിനുമായി സമർപ്പിക്കപ്പെട്ട നമ്മുടെ രക്ഷകനായ ദൈവപുത്രന്റെ സാന്നിധ്യത്തെ ആരാധിക്കുന്ന ഈ ഭവനം ഭംഗിയുള്ളതും പ്രാർത്ഥനയ്ക്കും തിരുകർമ്മങ്ങൾക്കും അനുയോജ്യവും ഇണങ്ങുന്നതുമായിരിക്കണം.

ഒരു ക്രൈസ്തവ ദേവാലയത്തിലേക്ക് നാം പ്രവേശിക്കുമ്പോൾ ദൈവത്തിന്റെ വലിയ സാന്നിധ്യത്തിലേക്കാണ് നാം കടന്നു ചെല്ലുന്നത്. അവിടെ ലോകരക്ഷകനായ യേശുക്രിസ്തുവിന്റെ ബലിപീഠമുണ്ട്. നമുക്കുവേണ്ടി മുറിവേറ്റ അവിടുത്തെ ശരീരമുണ്ട്. നമ്മെ രക്ഷിക്കുന്ന അവിടുത്തെ വചനമുണ്ട്. ഓരോ ദേവാലയവും സർവ്വ മനുഷ്യരും വിളിക്കപ്പെട്ടിരിക്കുന്ന സ്വർഗ്ഗരാജ്യത്തിന്റെ പ്രതീകമാണ്.

കുർബ്ബാനയാകുന്ന വലിയ കൂദാശയെ വ്യാപിപ്പിക്കുന്നതും ആന്തരികമാകുന്നതുമായ ധ്യാനത്തിലേക്കും മൗനപ്രാർത്ഥനയെ ക്ഷണിക്കുന്നതുമായ സ്ഥലം കൂടിയാണ് ദേവാലയം. ആയതിനാൽ വലിയ ഗൗരവത്തോടും ഭയഭക്തിയോടും ബഹുമാനത്തോടും കൂടി ആയിരിക്കണം നാം ദേവാലയങ്ങളിലേക്ക് പ്രവേശിക്കേണ്ടത്. അതു ഭംഗിയുള്ളതും പ്രാർത്ഥനയ്ക്കും തിരുകർമ്മങ്ങൾക്കും ഇണങ്ങുന്നതുമായി കാത്തുസൂക്ഷിക്കാൻ നമുക്ക് ശ്രമിക്കാം. നമ്മുടെ ദേവാലയം നവീകരിക്കപ്പെടുന്നതിലൂടെ നമ്മുടെ ഭവനങ്ങളും ചിന്തകളും ജീവിതവും ശുദ്ധീകരിക്കപ്പെടുവാൻ പ്രാർത്ഥിക്കാം. ശലോമോൻ രാജാവിന് ദേവാലയം പണിയുവാനുള്ള ഭാഗ്യം ദൈവം നൽകിയതുപോലെ ഇടവകയിലെ ദൈവജനത്തിന് ദൈവജ്ഞാനം നൽകി നമുക്ക് പ്രാർത്ഥിക്കുവാനും ബലിയർപ്പിക്കുവാനും അന്ത്യവിശ്രമം കൊള്ളുവാനും തക്കവണ്ണം ദൈവകരങ്ങളാൽ പണിയപ്പെട്ട നമ്മുടെ ദേവാലയം നവീകരിക്കപ്പെടുന്നതിലൂടെ സാധ്യമാകട്ടെ.

ഞങ്ങളുടെ കാവൽ പിതാവേ

ഫാ. മാത്യു വർഗ്ഗീസ് പീടികപ്പറമ്പിൽ *(സഹവികാരി)*

പരിശുദ്ധ റൂഹായുടെ കിന്നരം എന്നറിയപ്പെടുന്ന മാർ അപ്രേം പിതാവിന്റെ നാമത്തിൽ ഭാരതത്തിൽ സ്ഥാപിതമായ പ്രഥമ ദേവാലയമാണ് നമ്മുടെ ഇടവക. ഇന്ന് ഇടവക നമ്മുടെ കാവൽപിതാവിന്റെ പെരുന്നാൾ ആചരിക്കുമ്പോൾ നമ്മെ ഇന്നുവരെ കൈപിടിച്ച് നടത്തിയ ദൈവത്തിനും നമ്മുടെ മദ്ധ്യസ്ഥനായ മാർ അപ്രേം പിതാവിനും സ്തോത്രം കരേറ്റാം. മാർ അപ്രേം പിതാവിന്റെ ജീവചരിത്രം നമുക്ക് അറിയാമെങ്കിലും ചുരുക്കമായി നമുക്കൊന്നു വീക്ഷിക്കാം.

നിസീബിൻ നഗരത്തിലെ ഒരു ക്രൈസ്തവ കുടുംബത്തിൽ ജനിച്ച ഉത്തമ ദയറാക്കാരനായിരുന്നു ഇദ്ദേഹം. 38 വർഷം സ്വനഗരത്തിലെ വൈദീക വിദ്യാലയത്തിൽ പഠിപ്പിച്ചിരുന്നു (റീശ് മൽപ്പാൻ). മഹാകവിയും, ഗാനരചയിതാവും, (മെമ്രാകൾ) വേദപുസ്തക വ്യാഖ്യാതാവും, യാമപ്രാർത്ഥനകളുടെ രചയിതാവും ആയ മാർ അപ്രേം ആരാധനകളിൽ വിശുദ്ധ കന്യകാമറിയമിനെ ഭക്തിപുരസരം ഓർമ്മിക്കേണ്ടതിന്റെ ആവശ്യകത പഠിപ്പിക്കുകയും ചെയ്തു. 338-ൽ പേർഷ്യൻ സേനയിൽ നിന്നും തന്റെ ദയറായെ രക്ഷിച്ചത് ഈ വിശുദ്ധന്റെ പ്രാർത്ഥനകൊണ്ടു മാത്രമാണ്. പിന്നീട് 363-ൽ ജോവിയൻ ചക്രവർത്തി നിസീബിൻ പട്ടണം പേർഷ്യക്ക് വിട്ടുകൊടുത്തപ്പോൾ ഇദ്ദേഹം ഉറഹായിലേക്ക് (എഡേസ്സായിലേക്ക്) പോയി തന്റെ അദ്ധ്യാപകവൃത്തി തുടർന്നു.

ആകമാന സഭകളിലെ പുണ്യവാനായി ആദരിക്കപ്പെടുന്ന ഇദ്ദേഹത്തിന് ലഭിച്ച പേരുകൾ മാത്രം മതി ഇദ്ദേഹത്തിന്റെ മഹിമ അറിയുവാൻ. 373-ൽ കാലം ചെയ്ത ഇദ്ദേഹത്തിന്റെ പെരുന്നാളായി വലിയ നോമ്പിലെ ആദ്യ ശനിയാഴ്ച സഭ ആചരിക്കുന്നു.

നമ്മുടെ ഇടവകയെ സംബന്ധിച്ചിടത്തോളം നമ്മുടെ കാവൽപിതാവിന്റെ ഓർമ്മപെരുന്നാൾ നാം കൊണ്ടാടുകയാണ്. പ്രത്യേകിച്ച് ദേവാലയ നവീകരണ പ്രവർത്തനങ്ങൾ നാം ആരംഭിക്കുന്നു. അതിന്റെ പ്രഥമപടി എന്നവണ്ണം കോട്ടയം ഭദ്രാസന മെത്രാപ്പൊലീത്ത അഭി. ഡോ. യൂഹാനോൻ മാർ ദിയസ് കോറോസ് തിരുമനസ്സുകൊണ്ട് ദൈവാലയ നവീകരണ ശിലാസ്ഥാപനം നിർവ്വഹിക്കുന്നു. ഇനിയുള്ള ദിനങ്ങൾ പ്രാർത്ഥനകളുടെയും നോമ്പിന്റെയും ഉപവാസത്തിന്റെയും പരിശുദ്ധമായ ദിവസങ്ങൾ ആണല്ലോ. ദേവാലയ പുനർനിർമ്മാണം നമ്മെ സംബന്ധിച്ച് നമുക്ക് ലഭിച്ചിരിക്കുന്ന ഭാഗ്യമാണ്. അത് തിരിച്ചറിഞ്ഞ് പ്രാർത്ഥനയോടുകൂടി നമുക്ക് ഒരുങ്ങാം. മാർ അപ്രേം പിതാവിന്റെ മദ്ധ്യസ്ഥത നമുക്ക് കാവലായിതീരട്ടെ.

പള്ളി പുനർനിർമ്മാണ തീരുമാനത്തിൽ നിന്നും നവീകരണത്തിലേക്ക്



മാണി സക്കറിയ
ചേലമറ്റം *(ട്രസ്റ്റി)*

നിലവിൽ നമ്മൾ ആരാധന നടത്തി വരുന്ന ദൈവാലയം അൻപത് വർഷം പൂർത്തിയാകുന്ന അവസരത്തിൽ പുതിയ ഒരു ദൈവാലയം പണിയുക എന്നൊരു തീരുമാനം, 2014 ഡിസംബർ 14-ാം തീയതി കൂടിയ പൊതുയോഗം തീരുമാനിച്ചതനുസരിച്ചാണ് ദശാംശ സ്വീകരണം ഇടവകയിൽ ആരംഭിച്ചത്. പള്ളിയുടെ ചോർച്ച നമ്മെ നിരന്തരമായി അലട്ടികൊണ്ടിരുന്നതിനാൽ, മേൽക്കൂര ഓടുകൾ മുഴുവൻ ഇളക്കി ഇടുകയും മറ്റു പല പോംവഴികൾ ചെയ്തിട്ടും ചോർച്ചക്ക് ഒരു ശാശ്വത പരിഹാരം കണ്ടെത്തുവാൻ നമുക്ക് സാധിച്ചിരുന്നില്ല.

മാർ അപ്രേമിന്റെ നാമത്തിൽ ഉള്ള ഭാരതത്തിലെ ആദ്യ ദൈവാലയം, 160 വർഷത്തെ പാരമ്പര്യം എന്നൊക്കെ നാം അഭിമാനം കൊള്ളുമ്പോളും, മലങ്കരയിലെ പള്ളികൾ പുതുക്കി പണിയുകയോ നവീകരണ പ്രവർത്തനങ്ങൾ നടത്തുകയോ രൂപഭംഗി വരുത്തുകയോ ചെയ്യുന്നത് കാണുമ്പോൾ നമ്മുടെ ഒരു ദൈവാലയം മാത്രം പഴയ നിലയിൽ തുടരുന്നു എന്നതിന്റെ പോരായ്മകൾ മറ്റു ദൈവാലയങ്ങളിൽ ചെല്ലുമ്പോൾ ആണ് മനസ്സിൽ ആവുക. എന്നാൽ ചോർച്ചയും മറ്റു പ്രശ്നങ്ങളും ഉള്ളത് മൂലം രൂപഭംഗി വരുത്തുന്നത് പോലെയുള്ള ജോലികൾ ചെയ്യുന്നത് ധനനഷ്ടമുണ്ടാക്കുന്ന സംഗതിയായതിനാൽ അത്തരമൊരു തീരുമാനത്തിലേയ്ക്ക് നാം ഒരിക്കലും എത്തിയിരുന്നില്ല. ഈ സാഹചര്യത്തിൽ ആവാം പുതിയ ദൈവാലയം എന്ന ആശയം കടന്ന് വന്നത്. എന്നാൽ പതിറ്റാണ്ടുകളായി വിശ്വാസഹൃദയങ്ങളിൽ ആഴ്ന്നിറങ്ങിയ ദൈവാലയത്തിന് രൂപമാറ്റം വരുന്നതിനോട് വിയോജിപ്പുകളും ഉയർന്നുവന്നതിനാൽ പുതിയ ദൈവാലയം എന്ന തീരുമാനവും മരവിപ്പിക്കേണ്ടി വന്നു.

വളരെ വർഷങ്ങൾ ആയി തുടരുന്ന പള്ളിയുടെ ചോർച്ചക്ക് താൽകാലിക ശമനത്തിന് വേണ്ടി പല കാര്യങ്ങളും ചെയ്തത് ഓർക്കുന്നു. ഇത് സംബന്ധിച്ച് 2024 മാർച്ച് 12 ന് കൂടിയ പൊതുയോഗം ചർച്ച ചെയ്യുകയും ആയതിന് ശാശ്വതമായ ഒരു പരിഹാരം എത്രയും വേഗം കണ്ടുപിടിക്കുവാൻ 2024 ഏപ്രിൽ മുതൽ വരുന്ന പുതിയ ഭരണസമിതിയെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത കമ്മിറ്റി ചുമതല ഏറ്റപ്പോൾ ഈ വിഷയം ചർച്ച ചെയ്യുകയും ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ആ സബ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം ചോർച്ച മാറ്റുന്നതിന് വേണ്ടി നല്ല ഒരു തുക ചെലവാകുമ്പോൾ എന്തു കൊണ്ട് പള്ളി മൊത്തത്തിൽ നമുക്ക് ഒന്നു മോടി ആക്കിക്കൂടാ എന്നൊരു ചിന്തയിലേക്ക് വന്നത്. പക്ഷേ, നിലവിലുള്ള പള്ളി പൊളിച്ച് പുതിയ പള്ളി പണിയുക എന്നൊരു പൊതുയോഗ തീരുമാനം നിലവിലുള്ളതിനാൽ മറിച്ച് ഒരു തീരുമാനം എടുക്കണം എങ്കിൽ ആയതിന് പൊതുയോഗത്തിന് മാത്രമേ സാധിക്കുകയുള്ളൂ. എന്നാലും ഈ വിഷയത്തിൽ വിശ്വാസികളുടെ അഭിപ്രായം ആരായാൻ മുഴുവൻ ഇടവക അംഗങ്ങളുടെയും ഒരു യോഗം വിളിച്ചു ചേർക്കാൻ തീരുമാനിച്ചു. അപ്രകാരം, മെയ് മാസം 12-ാം തീയതി ചേർന്ന ഇടവകയോഗം ചോർച്ച മാറ്റുന്നതോടൊപ്പം പള്ളി മനോഹരവും സൗകര്യപ്രദവും ആക്കണം എന്ന് നിശ്ചയിച്ചു. പിന്നീട് ചേർന്ന ഇടവക പൊതുയോഗം ഇടവക യോഗത്തിന്റെ നിർദ്ദേശം അംഗീകരിക്കുകയും നിലവിൽ ഉള്ള പള്ളി, മനോഹരവും സൗകര്യപ്രദവും ആക്കുന്നത്തിന് വേണ്ട കാര്യങ്ങൾ ചെയ്യുവാൻ നിശ്ചയിച്ചു. നമ്മുടെ ഇടവക അംഗങ്ങൾ ആയ രണ്ട് ആർക്കിടെക്ടുമാരുടെ സേവനം ഇതിനായി ഉപയോഗിക്കുവാനും തീരുമാനിച്ചു. അടുത്ത പൊതുയോഗത്തിലേക്ക് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഒരു കൺസ്ട്രക്ഷൻ കമ്മറ്റി രൂപീകരിക്കുകയും ചെയ്തു. തുടർന്ന് ചേർന്ന പള്ളി പൊതുയോഗത്തിൽ കൺസ്ട്രക്ഷൻ കമ്മറ്റിയുടെയും ഇടവക മാനേജിംഗ് കമ്മറ്റിയുടെയും സംയുക്ത യോഗം പാസാക്കിയ ദൈവാലയ നവീകരണത്തിന്റെ മൂന്ന് രൂപരേഖകൾ അവതരിപ്പിച്ചു. പൊതുയോഗം പ്രസ്തുത രൂപരേഖകൾ വളരെ വിശദമായി ചർച്ച ചെയ്ത് നിലവിൽ ഇടവകസമക്ഷം പ്രസിദ്ധീകരിക്കപ്പെട്ട പ്ലാൻ അംഗീകരിക്കുകയും ചെയ്തു.

ഒരു വാർഡിൽ നിന്നും 2 പേരെ വീതം ചേർത്ത് കൊണ്ടുള്ള ഫിനാൻസ് കമ്മിറ്റിയും ആയതിന്റെ കൺവീനേഴ്സിനെയും കൺസ്ട്രക്ഷൻ കമ്മറ്റി കൺവീനേഴ്സിനെയും 2025 ഫെബ്രുവരിയിൽ ചേർന്ന പൊതുയോഗം തെരഞ്ഞെടുത്തു. അപ്രേം പെരുന്നാളിനോടനുബന്ധിച്ച് നവീകരണ ശിലാസ്ഥാപന കർമ്മം നിർവഹിക്കുവാനും പൊതുയോഗത്തിൽ തീരുമാനമായി. അതനുസരിച്ച് 2025 മാർച്ച് 2 ന് മാർ അപ്രേം പെരുന്നാൾ കൊടിയേറ്റ് ദിനത്തിൽ ഇടവക മെത്രാപ്പോലീത്താ അഭി. ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് തിരുമനസിന്റെ തൃക്കരങ്ങളാൽ ദൈവാലയ നവീകരണ ശിലാസ്ഥാപന കർമ്മം നിർവഹിക്കപ്പെടുന്നു ഇടവകയുടെ ചിരാകാലാഭിലാഷത്തിന്റെ പൂർത്തീകരണത്തിലേക്കുള്ള ആദ്യ ചുവട് നാം വെച്ചു കഴിഞ്ഞിരിക്കുന്നു. മാർ അപ്രേമിന്റെ നാമത്തിലുള്ള ഭാരതത്തിലെ പ്രഥമ ദൈവാലയം എന്ന ഖ്യാതിക്ക് തക്കവണ്ണം പ്രൗഢമായ ദൈവാലയ നിർമാണം സമയബന്ധിതമായി പൂർത്തീകരിക്കപ്പെടുവാൻ നമുക്ക് പ്രാർത്ഥനാപൂർവ്വം ഒത്തൊരുമിക്കാം. ഇപ്പോഴുള്ള നമ്മുടെ ദൈവാലയം മനോഹരവും സൗകര്യപ്രദവും ആക്കി നിർമിക്കുവാൻ തയ്യാറെടുക്കുമ്പോൾ ഓരോ ഇടവക അംഗത്തിനുമുള്ള ഉത്തരവാദിത്വം അവരവർ നിറവേറ്റിയാൽ എത്രയും വേഗം നമുക്ക് ഇത് പൂർത്തീകരിക്കുവാൻ സാധിക്കും. ആയതിന് പരിശുദ്ധനായ മാർ അപ്രേമിന്റെ മദ്ധ്യസ്ഥത നമുക്ക് കോട്ടയായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ദൈവാലയ നവീകരണ പ്രവർത്തനങ്ങളിൽ ഒരേ മനസോടെ നമുക്ക് ഒന്ന് ചേർന്ന് യത്നിക്കാം. ഈ തലമുറയിൽ നിക്ഷിപ്തമായ ഈ നിയോഗ പൂർത്തീകരണത്തിനായി.

മാർ അപ്രേം പെരുന്നാൾ

ലോകത്തിലെ എല്ലാ എപ്പിസ്കോപ്പൽ സഭകളും ശ്രേഷ്ഠ മൽപ്പാനായി ആദരിക്കുന്ന പണ്ഡിതശ്രേഷ്ഠനാണ് മാർ അപ്രേം. അപ്രേമിന്റെ ഗീതങ്ങളോ പ്രാർത്ഥനകളോ ചൊല്ലാത്ത ഒരു കൂദാശ പോലും പരി.സഭയിലില്ല എന്നത് ആ പരിശുദ്ധന്റെ ശ്രേഷ്ഠത വെളിവാക്കുന്ന ഒന്നാണ്. മാത്രമല്ല മാർ അപ്രേമിന്റെ പ്രാർത്ഥനകളോ അപേക്ഷകളോ ചൊല്ലാത്ത ഒരു ദിവസം പോലും ഒരു വിശ്വാസിയുടെ ജീവിതത്തിലില്ല എന്നത് ആ മഹാപരിശുദ്ധിയുടെ തെളിവാണ്. ഇപ്രകാരം ലോകമെങ്ങും ആരാധിക്കുന്ന ശ്രേഷ്ഠ പണ്ഡിതന്റെ നാമത്തിൽ മലങ്കരയിൽ ഒരു ദൈവാലയം ആദ്യമായി സ്ഥാപിക്കപ്പെട്ടത് ഈ ദേശത്താണെന്നതിൽ നമുക്ക് അഭിമാനിക്കാം. അതുകൊണ്ട് തന്നെ മാർ അപ്രേം ഇടവക ആ പരിശുദ്ധന്റെ പെരുന്നാൾ ഏറ്റവും ശ്രേഷ്ഠമായ രീതിയിൽതന്നെ ആചരിച്ചു പോരുന്നു. ഇത്തവണത്തെ മാർ അപ്രേം പെരുന്നാൾ ചടങ്ങുകളിലൂടെ

കൊടിയേറ്റ് : വലിയ നോമ്പിന്റെ പേതൃത്താ ദിനം മാർച്ച് 2-ാം തീയതി ഇടവക മെത്രാപ്പോലിത്താ അഭി. ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് തിരുമനസ്കൊണ്ട് വി. കുർബാന അർപ്പിക്കുന്നതും തുടർന്ന് പെരുന്നാൾ കൊടിയേറ്റ് കർമ്മം നിർവഹിക്കുന്നതുമാണ്.

ദൈവാലയ നവീകരണ ശിലാസ്ഥാപനം : നവീകരിക്കപ്പെടുന്ന ദൈവാലയത്തിന്റെ ശിലാസ്ഥാപനകർമ്മം 2025 മാർച്ച് 2-ാം തീയതി വി. കുർബാനാനന്തരം നിർവഹിക്കുന്നതാണ്.

ശുബ്ക്കോനോ : വലിയ നോമ്പിലേക്ക് പ്രവേശിക്കുന്നതിന്റെ ഭാഗമായി ശുബ്ക്കോനോ ശുശ്രൂഷ 2025 മാർച്ച് 3-ാം തീയതി രാവിലെ 11-ന് നടത്തപ്പെടുന്നതാണ്. മാർച്ച് 3 മുതൽ 5 വരെയുള്ള എല്ലാ ദിവസങ്ങളിലും ദൈവാലയത്തിൽ സന്ധ്യാനമസ്കാരവും ഉണ്ടായിരിക്കുന്നതാണ്.

മാർ അപ്രേം അവാർഡ് സമർപ്പണം : കലാകാരന്മാരുടെ മദ്ധ്യസ്ഥനായ മാർ അപ്രേമിന്റെ പെരുന്നാളിനോടനുബന്ധിച്ച് കലാ, സാഹിത്യ, സാംസ്കാരിക മേഖലകളിലെ പ്രഗത്ഭ വ്യക്തിത്വങ്ങൾക്ക് മാർ അപ്രേം ഇടവക ഏർപ്പെടുത്തിയിരിക്കുന്ന മാർ അപ്രേം അവാർഡിന് ഇത്തവണ അർഹയായിരിക്കുന്നത് പ്രശസ്ത പിന്നണി ഗായിക നിത്യാ മാമ്മനാണ്. 2025 മാർച്ച് 7-ന് സന്ധ്യാനമസ്കാരത്തെ തുടർന്ന് നടത്തപ്പെടുന്ന പൊതുസമ്മേളനത്തിൽവെച്ച് മാർ അപ്രേം അവാർഡ് നിത്യാ മാമ്മന് നൽകുന്നതാണ്.

ആദരവ് സമർപ്പണം : ഉത്തമ സന്യാസിയും സാമൂഹിക സേവകനുമായിരുന്ന മാർ അപ്രേമിന്റെ ഓർമ്മ പെരുന്നാളിനോടനുബന്ധിച്ച് സാമൂഹിക സേവനരംഗത്തെ ഉത്തമ മാതൃകകൾക്ക് ഇടവക നൽകുന്ന ആദരവിന് ഇത്തവണ അർഹനായിരിക്കുന്നത് മലങ്കര സഭയുടെ അട്ടപ്പാടി മിഷ്യൻ ഡയറക്ടർ വന്ദ്യ യൂഹാനോൻ റമ്പാൻ കോർ എപ്പിസ്കോപ്പയാണ്. 2025 മാർച്ച് 7-ന് നടക്കുന്ന പൊതുസമ്മേളനത്തിൽവെച്ച് അഭി. ഡോ. ഏബ്രഹാം മാർ സ്തേഫാനോസ് തിരുമനസ്കൊണ്ട് ഇടവകയുടെ ആദരവ് വന്ദ്യ റമ്പാച്ചന് സമർപ്പിക്കുന്നതാണ്.

ശേഷം 4-ാം പേജിൽ

നിത്യാ മാമ്മൻ
പാട്ടിന്റെ വെള്ളരിപ്രാവ്

ഒരു ഹിമമഴപോൽ മലയാള ഹൃദയങ്ങളിലേയ്ക്ക് പെയ്തിറങ്ങിയ അനുഗ്രഹീത ഗായികയാണ് നിത്യാ മാമ്മൻ. എടക്കാട് ബറ്റാലിയൻ എന്ന ചിത്രത്തിലെ 'നീ ഹിമമഴയായി' എന്ന ഒറ്റ ഗാനംകൊണ്ട് മലയാളി പ്രേക്ഷകരുടെ ഹൃദയത്തിൽ ഇടം നേടിയ നിത്യാ മാമ്മന് പിന്നീട് സൂഫിയും സുജാതയും എന്ന ചിത്രത്തിലെ "വാതിൽക്കല് വെള്ളരിപ്രാവ്" എന്ന ഗാനത്തിലൂടെ പ്രേക്ഷകരുടെ ഇഷ്ടഗായികയായി മാറി. ഇതേ ഗാനത്തിന് 2020 ലെ മികച്ച ഗായികയ്ക്കുള്ള സംസ്ഥാന ചലച്ചിത്ര പുരസ്കാരവും നേടിക്കൊണ്ട് മലയാള ചലച്ചിത്ര ഗാനലോകത്ത് സ്വപ്നസമാനമായ തുടക്കം കുറിക്കുന്നതിനും സാധിച്ചു.

ഖത്തറിൽ ജനിച്ചു വളർന്ന നിത്യ പള്ളി ക്വയറിലൂടെയാണ് പാടിതുടങ്ങിയത്. എം.ഇ.എസ്. ഇന്ത്യൻ സ്കൂളിൽനിന്ന് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ നിത്യ ഖത്തറിലെ പ്രവാസി കൂട്ടായ്മകളിലെ സ്ഥിരം ഗായികയായിരുന്നു. ബാംഗ്ലൂരിലെ ആർക്കിടെക്ചർ ബിരുദപഠനകാലത്ത് കുറച്ചുകൂടി ഗൗരവമായി ഹിന്ദുസ്ഥാനി സംഗീതം പഠിച്ചുതുടങ്ങി. തുടർന്ന് കവർ സോംഗ്സുകളും മ്യൂസിക് ഷോകളിലും പാടിത്തുടങ്ങി പാട്ടിന്റെ ലോകത്തേക്ക് മുന്നേറുകയാണുണ്ടായത്.

പിതാവ് മാമ്മൻ വർഗീസ് ഖത്തറിലെ കൺസ്ട്രക്ഷൻ കമ്പനിയിലായിരുന്നു. അമ്മ അന്നമ്മ മാമ്മൻ അദ്ധ്യാപികയും. സഹോദരി നിഷ മാമ്മൻ സയന്റിസ്റ്റാണ്. അമ്മയോടും ചേച്ചിയോടുമൊപ്പം പള്ളി ക്വയറിൽ പാടിത്തുടങ്ങി ഇന്ന് സംസ്ഥാന ചലച്ചിത്ര പുരസ്കാരം നേടിയ ഗായികയെന്നറിയപ്പെടുമ്പോൾ എല്ലാം ദൈവാനുഗ്രഹമെന്ന് വിനീതസ്വരത്തിൽ പറയുന്ന ഈ ഗായികയെയാണ് ഈ വർഷത്തെ അപ്രേം അവാർഡ് തേടിയെത്തിയത്. ഭർത്താവ് വിവേക് ഫ്രാൻസിസ് നൽകുന്ന പ്രോത്സാഹനവും ഈ ഗായികയെ ആത്മവിശ്വാസത്തോടെ മുൻപോട്ടു നയിക്കുന്നു. 2025 ലെ മാർ അപ്രേം അവാർഡ് കരസ്ഥമാക്കിയ അനുഗ്രഹീത ഗായിക നിത്യാ മാമ്മന് മാർ അപ്രേം ഇടവകയുടെ എല്ലാവിധ അഭിനന്ദനങ്ങളും ആശംസകളും.

നിസ്വാർത്ഥ സേവനത്തിന്റെ ആൾരൂപം
വന്ദ്യ യൂഹാനോൻ റമ്പാൻ കോർ എപ്പിസ്കോപ്പാ

സഹജീവിസ്നേഹത്തിനായി ചെറുപ്പത്തിലെ വിളിച്ചുവേർതിരിക്കപ്പെട്ട ധന്യജീവിത മാതൃകയാണ് വന്ദ്യ യൂഹാനോൻ റമ്പാൻ കോർ എപ്പിസ്കോപ്പ. ലഭിച്ച അവസരങ്ങളിലെല്ലാം സാമൂഹിക സേവനരംഗത്ത് വ്യാപൃതനായി ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെ ജീവിതത്തിൽ ക്രിസ്തുവിനെ പകർത്തിയ വന്ദ്യ സന്യാസിശ്രേഷ്ഠന് മാർ അപ്രേം ഇടവകയുടെ ആദരവുകൾ.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അട്ടപ്പാടി മിഷ്യൻ ഡയറക്ടർ എന്ന നിലയിൽ ആദിവാസി ജനതയുടെ ജീവിതനിലവാര ഉന്നമനത്തിനായി അശ്രാന്ത പരിശ്രമം ചെയ്യുന്ന മഹത്വ്യക്തിത്വമാണ് വന്ദ്യ റമ്പാച്ചൻ. കഴിഞ്ഞ ആറു വർഷത്തിനിടയിൽതന്നെ നൂറോളം മെഡിക്കൽ ക്യാമ്പുകളും ആയിരക്കണക്കിന് ആരോഗ്യ സംരക്ഷണ വസ്തുക്കളുടെ സമ്മാനങ്ങൾ നൽകുകയും നിരവധി യുവതികൾക്ക് വിവാഹസഹായം നൽകുകയും കുട്ടികളുടെ വിദ്യാഭ്യാസത്തിന് സഹായങ്ങൾ നൽകുകയും ചികിത്സാ സഹായങ്ങളും ഭവനസന്ദർശനങ്ങളും വഴി പാർശ്വവൽക്കരിക്കപ്പെട്ട ജീവിതങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങളിലാണ് ഇപ്പോൾ വ്യാപൃതനായിരിക്കുന്നത്.

2007 മുതൽ 2012 വരെ പരുമല സെമിനാരി മാനേജർ, 2012–13 കാലയളവിൽ തടാകം ക്രിസ്തു ശിഷ്യാശ്രമത്തിൽ ആചാര്യൻ. 1997–2000 കാലയളവിൽ യുവജനപ്രസ്ഥാനം കേന്ദ്ര ജനറൽ സെക്രട്ടറി, മർത്തമറിയം സമാജം മലബാർ ഭദ്രാസന വൈസ് പ്രസിഡന്റ്, മലബാർ ഭദ്രാസന കൗൺസിൽ മെമ്പർ തുടങ്ങി സഭ ഏൽപ്പിച്ച വിവിധ ചുമതലകൾ ഉത്തരവാദിത്വപൂർവ്വം സ്തുത്യർഹമായി നിർവഹിക്കുവാൻ റമ്പാച്ചന് കഴിഞ്ഞിട്ടുണ്ട്. വിവിധ ഇടവകകളിൽ വികാരിയായും സ്തുത്യർഹസേവനം നിർവഹിച്ച റമ്പാച്ചൻ കോഴിക്കോട് സെന്റ് ജോർജ് പള്ളി സ്കൂൾ സ്ഥാപിക്കുകയും പാലക്കാട് സെന്റ് മേരീസ് സ്കൂൾ മാനേജരായി സേവനമനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്.

നിലവിൽ അട്ടപ്പാടി മിഷ്യൻ ഡയറക്ടർ എന്നതിനു പുറമേ സെന്റ് തോമസ് ചാരിറ്റബിൾ സൊസൈറ്റി സെക്രട്ടറി, സെന്റ് ഗ്രീഗോറിയോസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, സെന്റ് ഗ്രീഗോറിയോസ് ബാലഭവൻ സെന്റ് ഗ്രീഗോറിയോസ് ബാലികാഭവൻ, സ്നേഹഭവൻ എന്നീ സ്ഥാപനങ്ങളുടെ മാനേജരായും പ്രവർത്തിക്കുന്നു. ഇങ്ങനെ വിശ്രമരഹിതനായി സുവിശേഷദൗത്യവും സാമൂഹികസേവനവും ജീവിതവ്രതമായി ഏറ്റെടുത്തിരിക്കുന്ന വന്ദ്യ റമ്പാച്ചന് മാർ അപ്രേം ഇടവകയുടെ സ്നേഹാദരവുകൾ.

1-ാം പേജിന്റെ തുടർച്ച

ദൈവാലയ നവീകരണ ശിലാസ്ഥാപനം

എന്തു തന്നെയായാലും ദൈവത്തിന്റെ ആലയം നവീകരിക്കുന്നതിനുള്ള നിയോഗത്തിലേക്ക് ഇപ്പോഴത്തെ തലമുറ എത്തിച്ചേർന്നിരിക്കുന്നു. അനുഗ്രഹപൂർണ്ണമായ പൂർത്തീകരണത്തിനായി പ്രാർത്ഥിച്ചുകൊണ്ട് നമുക്ക് തുടക്കംകുറിക്കാം, ദൈവത്തിന്റെ ആലയത്തിന്റെ കെട്ടുപണിക്കായി നമ്മളിൽ നിക്ഷിപ്തമായ ഈ നിയോഗം ഏറ്റെടുത്തുകൊണ്ട്...

3-ാം പേജിന്റെ തുടർച്ച

മാർ അപ്രേം പെരുന്നാൾ

ക്രിസ്തീയ ഗാനസന്ധ്യ : പൊതുസമ്മേളനത്തെ തുടർന്ന് നടത്തപ്പെടുന്ന ക്രൈസ്തവ ഗാനസന്ധ്യയ്ക്ക് പ്രശസ്ത ഗായകരായ ശ്രീ. ജിജൻ ജെ. (കൊച്ചിൻ കലാഭവൻ), ജെറിൽ ഷാജി (സ്റ്റാർ സിംഗർ ഫൈനലിസ്റ്റ്), പ്രഗത്ഭ കീബോർഡിസ്റ്റ് മിഖിൽ കുര്യൻ എന്നിവർ നേതൃത്വം നൽകുന്നതാണ്.

വി. കുർബാന : മാർ അപ്രേമിന്റെ ഓർമ്മ പെരുന്നാൾ ദിനമായ മാർച്ച് 8-ന് അഭി. ഏബ്രഹാം മാർ സ്തേഫാനോസ് തിരുമനസ്കൊണ്ട് വി. കുർബാന അർപ്പിക്കുന്നതാണ്.

വിദ്യാരംഭം : മദ്ധ്യസ്ഥനായ മാർ അപ്രേമിന്റെ ഓർമ്മപ്പെരുന്നാൾ ദിനത്തിൽ കുട്ടികൾക്ക് വിദ്യാരംഭം കുറിക്കുന്ന പതിവനുസരിച്ച് വി. കുർബ്ബാനാനന്തരം അഭി. ഏബ്രഹാം മാർ സ്തേഫാനോസ് തിരുമനസ് കൊണ്ട് കുട്ടികൾക്ക് ആദ്യാക്ഷരം കുറിക്കുന്നതാണ്.

പകൽ പ്രദക്ഷിണം : വി. കുർബാനാനന്തരം വിദ്യാരംഭത്തെ തുടർന്ന് തോട്ടയ്ക്കാട് ആശുപത്രി കവലയിലെ കുരിശിങ്കലേക്ക് ഭക്തിനിർഭരമായ പ്രദക്ഷിണം നടത്തപ്പെടുന്നു.

വെച്ചൂട്ട് : മാർ അപ്രേമിന്റെ ഓർമ്മ പെരുന്നാളിനോടനുബന്ധിച്ച് പ്രധാന പെരുന്നാൾ ദിവസം വി. കുർബാനയെത്തുടർന്ന് വെച്ചൂട്ട് നേർച്ച നടത്തപ്പെടുന്നു. നാനാജാതി മതസ്ഥരായ ആളുകൾ വെച്ചൂട്ട് നേർച്ചയിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുന്നു.

ആദ്യ ചോറൂണ് : മാർച്ച് 8-ാം തീയതി വിശുദ്ധ കുർബ്ബാനയെ തുടർന്ന് വെച്ചൂട്ട് നേർച്ചയോടൊപ്പം ആദ്യ ചോറൂണ് നടത്തപ്പെടുന്നു.

കൊടിയിറക്ക് : പെരുന്നാളിന്റെ അടുത്ത ദിനത്തിൽ മാർച്ച് 9-ന് വി. കുർബ്ബാനാനന്തരം കൊടിയിറക്കോടുകൂടി പെരുന്നാൾ ചടങ്ങുകൾ സമാപിക്കുന്നു.

ഇടവകയുടെ, ദേശത്തിന്റെ കാവൽപിതാവായ മാർ അപ്രേമിന്റെ ഓർമ്മപെരുന്നാളിൽ ഭക്തിനിർഭരം നേർച്ചകാഴ്ചകളോടെ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുവാൻ ഏവരെയും സ്വാഗതം ചെയ്യുന്നു.